(ബി) ഈയിനത്തിൽ പിഴയായി സർക്കാരിന് എന്ത് തുക ലഭിച്ചിട്ടുണ്ട് ;

(സി) വൈദ്യുതി മോഷണം തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) മോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2004 ഏപ്രിൽ മുതൽ 2005 ജനുവരി വരെ വൈദ്യുതി മോഷണവും മറ്റ് ക്രമക്കേടുകളും കണ്ടുപിടിക്കപ്പെട്ടതിന്റെ ഭാഗമായി 6,64,56,715 രൂപ ബോർഡിന് ലഭിച്ചിട്ടുണ്ട്. ഇതിൽ കറണ്ട് ചാർജ്ജ് ഇനത്തിൽ വരുന്ന തുകയുടെ 10 % ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് ലഭിക്കും.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

വൈദ്യുതി മോഷണം തടയുന്നതിന് നടപടി

24 [1921] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം വ്യാപകമായി നടക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വൈദ്യുതി ബോർഡിന്റെ വിജിലൻസ് വിഭാഗം ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ വിജിലൻസ് വിഭാഗം ഏറ്റെടുത്തിട്ടുണ്ട് ;

(ഡി) വൈദ്യുതി മോഷണം തടയുന്നതിന് സർക്കാർ വിജിലൻസ് സംവിധാനം കൂടുതൽ ശക്തമാക്കുമോ ?

ഉത്തരം

(എ, ബി) മോഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2004 ഏപ്രിൽ മുതൽ 2005 ജനുവരി വരെയുള്ള കാലയളവിൽ 276 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഇപ്പോഴുള്ള സംവിധാനം പര്യാപ്തമാണ്.

---

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly